## മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങൾ

312 (4928) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങൾ നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽനിന്നും എത്ര പേർക്ക് വാഹനങ്ങൾ നല്കിയെന്ന് അറിയിക്കുമോ ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ഇതുവരെ ലഭിച്ചുവെന്നും എത്ര പേർക്ക് വാഹനങ്ങൾ നല്കിയെന്നും അറിയിക്കുമോ ; വാഹനങ്ങൾ ലഭിച്ചവരുടെ പേരു വിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) വാഹനം നല്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ ; വിശദാംശം നൽകുമോ ?

### ഉത്തരം

(എ & ബി) കല്യാശ്ശേരി മണ്ഡലം ഉൾപ്പെടുന്ന കണ്ണൂർ ജില്ലയിൽ നിന്നും 30 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതുവരെ വാഹനങ്ങൾ ആർക്കും നൽകിയിട്ടില്ല.

(സി) പ്രാരംഭഘട്ടത്തിൽ ടെണ്ടർ സംബന്ധമായും, തുടർന്ന് ടെണ്ടർ നൽകിയ കമ്പനി നൽകിയ മോഡലിന്റെ നിർമ്മാണം, കമ്പനി നിർത്തിവച്ചതിനാലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിരുന്നു. ഇന്നാൽ ഇപ്പോൾ സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള ആട്ടോമൊബൈൽസുമായി സഹകരിച്ച് മോട്ടോർഘടിപ്പിച്ച സ്കൂട്ടർ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

## എറണാകുളം ജില്ലയിലെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ഒഴിവുകൾ

313 (4929) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള എറണാകുളം ജില്ലയിലെ വിവിധ ഓഫീസുകളിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും എൽ.ഡി. ക്ലാർക്കുമാരുടെയും എൽ.ഡി. ടൈപ്പിസ്റ്റുമാരുടെയും ഒഴിവുകൾ കൃത്യസമയത്ത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ എപ്പോഴെങ്കിലും എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോ ;

(ബി) നാളിതുവരെയുള്ള ഏതെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ കിടപ്പുണ്ടോ ;

(സി) 2014 ആഗസ്റ്റ് 31 വരെ എത്ര ഒഴിവുകൾ ഉണ്ടാകാനിടയുണ്ട് ; ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒഴിവുകൾ റിപ്പോർട്ടുചെയ്യുന്നതിൽ വീഴ്ച വന്നിട്ടില്ല.

(ബി) എറണാകുളം ജില്ലയിൽ വകുപ്പിന് കീഴിലുള്ള ഓഫീസുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒരു ഒഴിവും, എൽ.ഡി. ക്ലാർക്ക് തസ്തികയിലെ ഒരു ഒഴിവും നിലവിലുണ്ട്. ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 2014 ആഗസ്റ്റ് 31 വരെ ടി തസ്തികകളിൽ മറ്റ് ഒഴിവുകൾ ഉണ്ടാകാനിടയില്ല.

ഗ്രാമസഭാംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള കിലയുടെ പദ്ധതി

314 (4930) ശ്രീ. പി. എ. മാധവൻ :
ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'കില' യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) ഗ്രാമസഭാംഗങ്ങൾക്ക് അവരുടെ ഉത്തരവാദിത്വങ്ങളെപ്പറ്റി പരിശീലനം നൽകുന്നതിന് 'കില' പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനവും എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) പ്രാദേശിക ഭരണം ശക്തിപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകുകയാണ് മുഖ്യ ഉദ്ദേശ്യം. ഇവ കൂടാതെ പരിശീലനത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി ഗവേഷണം, പഠനം, കോഴ്സുകൾ എന്നിവയും നടത്തിവരുന്നു. അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ച് ദേശീയ-അന്തർ ദേശീയ ശില്പശാലകൾ, കോൺഫറൻസുകൾ ഉൾപ്പെടെയുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തുക എന്നതും കിലയുടെ പ്രവർത്തന ലക്ഷ്യമാണ്.

(ബി) ഉണ്ട്, ഗ്രാമസഭാംഗങ്ങൾക്ക് അവരുടെ ഉത്തരവാദിത്വങ്ങളെപ്പറ്റി പരിശീലനം നൽകുന്നതിന് വളരെ വിപുലമായ പദ്ധതികൾ കില തയ്യാറാക്കി നടപ്പിലാക്കിവരുന്നു. അതിനാവശ്യമായ കൈപ്പുസ്തകങ്ങൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെയായി എല്ലാ വാർഡുകളിലും പരിശീലന പരിപാടി സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly